**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 794** **10-06-2021 - ൽ മറുപടിയ്ക്ക്**

**റോഡ് മെയിന്റനൻസ് ആന്റ് മാനേജ്മെന്റ് സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പി.ഡബ്ല്യൂഡി. റോഡുകളുടെ അടിസ്ഥാന വിവരങ്ങളുടെ ഡിജിറ്റലൈസേഷന്റെ ഭാഗമായി റോഡ് മെയിന്റനൻസ് ആന്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ അടിസ്ഥാന വിവരങ്ങളുടെ ഡിജിറ്റലൈസേഷന്റെ ഭാഗമായി റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (ആർ എം എം എസ്) നടപ്പിലാക്കി വരികയാണ്. 7000 കി മീ വരുന്ന കോർ റോഡ് നെറ്റ് വർക്കിൽ നിന്നും 4000 കി മീ വരുന്ന സംസ്ഥാന പാതയിലാണ് ആദ്യം ആർ എം എം എസ് നടപ്പിൽ വരുത്തുന്നത്. ഇതിനു വേണ്ടി സാങ്കേതിക സഹായം നൽകുന്നതിനായി ഡൽഹി ആസ്ഥാനമായുള്ള സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ( സി ആർ ആർ ഐ) സർക്കാർ നോഡൽ ഏജൻസിയായി കരാർ ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു. റോഡുകളുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനായുള്ള നെറ്റ് വർക്ക് സർവ്വേ, ഫാളിംഗ് വെയിറ്റ് ഡിഫ്ലക്ടോമീറ്റർ സർവ്വേ എന്നിവ നടത്തി കഴിഞ്ഞു. ട്രാഫിക് സർവ്വേ, ടെസ്റ്റ് പിറ്റ് സർവ്വേ, കോർ കട്ടിംഗ് ആക്സിയൽ ലോഡ് സർവ്വേ എന്നിവ അന്തിമ ഘട്ടത്തിലാണ്. വിവിധ സർവ്വേകളിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ ഐ-റോഡ്സ്, എച്ച് ഡി എം 4 എന്നീ സോഫ്റ്റ് വെയറുകളുടെ സഹായത്തോടെ ഡിജിറ്റലൈസ് ചെയ്യുന്നതാണ്. |
| (ബി) | ഏത് ഏജൻസിക്കാണ് പ്രസ്തുത പ്രവൃത്തികളുടെ കരാർ നൽകിയിട്ടുള്ളത്; അതിനായി പ്രസ്തുത ഏജൻസിക്ക് എന്ത് തുക നൽകി; അറിയിക്കുമോ; | (ബി) | സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CRRI), M/s TRL Professional & Software Services (India) LLP in JV with Experion Technologies (India) Pvt. Ltd. എന്നീ ഏജൻസികൾക്കാണ് കരാർ നൽകിയിട്ടുള്ളത്. ഈ പ്രവൃത്തിക്ക് വേണ്ടി മേൽപ്പറഞ്ഞ ഏജൻസികൾക്ക് 4.13 കോടി രൂപയാണ് ഇതുവരെ നൽകിയിട്ടുള്ളത്. |
| (സി) | സംസ്ഥാന പാതകൾ അല്ലാതെയുള്ള പ്രധാനപ്പെട്ട പി.ഡബ്ല്യൂഡി. റോഡുകളെ ഉൾപ്പെടുത്തി ഒരു കോർ റോഡ് നെറ്റ് വർക്ക് സ്ഥാപിക്കുന്നതാണെന്ന മുൻ | (സി) | ഉണ്ട്. കോർ റോഡ് നെറ്റ് വർക്കിൽ 7000 കി മീ പൊതുമരാമത്ത് വകുപ്പ് റോഡുകൾ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 4000 കി മീ |

| | | | |
|---|---|---|---|
| | സർക്കാരിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എത്ര കിലോമീറ്റർ റോഡുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | | നിലവിലുള്ള സംസ്ഥാന പാതകളും ശേഷിക്കുന്ന 3000 കി മീ പ്രധാന ജില്ലാ റോഡുകളുമാണ്. |

സെക്ഷൻ ഓഫീസർ